# കേരള സർവകലാശാല

നം. പി.ആർ.061/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ് ഇൻ സോഫ്റ്റ്സ്കിൽസ് & പേഴ്സണാലിറ്റി ഡവലപ്മെന്റ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ സോഫ്റ്റ്സ്കിൽസ് & പേഴ്സണാലിറ്റി ഡവലപ്മെന്റ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫീസ് 6000 രൂപ. കോഴ്സ് ദൈർഘ്യം നൂറു മണിക്കൂർ. യോഗ്യത പ്ലസ്ടു/ പ്രീഡിഗ്രി. അപേക്ഷാഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അവസാന തീയതി മാർച്ച് 31. ഫോൺ : 0471-2302523

### സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ ഈവനിംഗ് ബാച്ച്: തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ കോഴ്സിന് അപേക്ഷിക്കാനുള്ള തീയതി നീട്ടി. യോഗ്യത : പ്രീഡിഗ്രി/ പ്ലസ്ടു ജയം. ഫീസ് 6000/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ്സുകൾ തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം അഞ്ച്(5) മണി മുതൽ ഏഴ് (7) മണി വരെ. അവസാന തീയതി മാർച്ച് 31. വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി ബന്ധപ്പെടുക ഫോൺ : 0471-2302523.

### യുവജനോൽസവം: ടെക്നോളജിക്കൽ സർവകലാശാലയിലെ വിദ്യാർത്ഥികൾ പങ്കെടുക്കാൻ പാടില്ല

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ ഈ വർഷത്തെ കേരള സർവകലാശാല യുവജനോൽസവത്തിൽ പങ്കെടുക്കുന്നതിന് അർഹതയുള്ളു എന്ന് അറിയിക്കുന്നു. ടെക്നോളജിക്കൽ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ ഈ യുവജനോൽസവത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

### പ്രോജക്ട്/ഡിസർട്ടേഷൻ സമർപ്പിക്കണം.

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാമുകളുടെ പ്രോജക്ട്/ഡിസർട്ടേഷൻ അതാത് കോളേജ് ഡിപ്പാർട്ട്മെന്റുകളിൽ വിദ്യാർത്ഥികൾ മാർച്ച് 28-നകം സമർപ്പിക്കണം.

### എം.എ ഇംഗ്ലീഷ് മാർക്ക്ലിസ്റ്റുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ ഇംഗ്ലീഷ് പ്രീവിയസ്, ഫൈനൽ (റെഗു

ലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ മാർച്ച് 23,24 തീയതിക ളിൽ എസ്.ഡി.ഇ പാളയം ഓഫീസിൽ നിന്ന് ഹാൾടിക്കറ്റും ഡിഗ്രി കോപ്പിയും സഹിതം വന്ന് കൈപ്പറ്റേണ്ടതാണ്. പുനർമൂല്യനിർണയത്തിനുള്ള അവസാന തീയതി മാർച്ച് 25.

## ബി.ബി.എ ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തിയ നാലാം സെമ സ്റ്റർ ബി.ബി.എ (2014 ബാച്ച്) ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതിയു ള്ളവർ ഏഴ് ദിവസത്തിനകം കോർഡിനേറ്ററെ അറിയിക്കണം.ഫോൺ: 0471–2300137

## ബി.എ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന ബി.എ (ആന്വൽ സ്കീം) (അഫ്സൽ-ഉൽ-ഉലമ ഉൾപ്പെടെ) പരീക്ഷകൾ രാവിലെ 9.30 മുതൽ 12.30 വരെ നടത്തുന്നതാണ്.

## അന്തർദേശീയ സെമിനാർ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22,23,24 തീയതികളിൽ 'ഓൾട്ടർനേറ്റീവ് ഫിനാൻസ് ആന്റ് സസ്റ്റയിന ബിൾ സോഷ്യോ-എക്കണോമിക് ഡവലപ്മെന്റ്' എന്ന വിഷയത്തിൽ സർവകലാശാല സെനറ്റ് ചേംബറിൽ നടത്തുന്ന ത്രിദിന അന്തർദേശീയ സെമിനാർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്യും. സർവകലാശാല പ്രോ വൈസ് ചാൻസിലർ ഡോ.എൻ. വീരമണിക ണ്ഠൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കോമേഴ്സ് ഡീൻ ഡോ.എം.ശാർ ങ്ങധരൻ മുഖ്യപ്രഭാഷണം നടത്തും.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി സി.ബി.സി.എസ് (2010, 2011 & 2012 സ്കീം സപ്ലിമെന്ററി – 2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 12 വരെ അപേക്ഷിക്കാം. മാർക്ക്ലിസ്റ്റുകൾ അതാത് കേന്ദ്രങ്ങളിലേക്ക് അയക്കും. വെബ്സൈറ്റിൽ ലഭി ക്കുന്ന കരട് മാർക്ക്ലിസ്റ്റുകൾ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ ഉപ യോഗിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
21.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ